കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടിക പ്രകാരം ഉൾനാടൻ മത്സ്യ മേഖലയിൽ മത്സ്യബന്ധനം മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ച് 38,983 മത്സ്യത്തൊഴിലാളികൾ ഉള്ളതിൽ 28469 കുടുംബങ്ങൾ ഉണ്ട്.

ജില്ല തിരിച്ച് ഈ കണക്ക് താഴെ രേഖപ്പെടുത്തുന്നു.

| ജില്ല | ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 87 | 70 |
| കൊല്ലം | 8367 | 6749 |
| ആലപ്പുഴ | 3352 | 2893 |
| എറണാകുളം | 10625 | 9129 |
| തൃശ്ശൂർ | 1074 | 1047 |
| മലപ്പുറം | 1822 | 1480 |
| കോഴിക്കോട് | 1931 | 669 |
| കണ്ണൂർ | 1972 | 1877 |
| കാസർഗോഡ് | 501 | 394 |
| പത്തനംതിട്ട | 269 | 269 |
| കോട്ടയം | 6326 | 3280 |
| ഇടുക്കി | 191 | 164 |
| വയനാട് | 0 | 0 |
| പാലക്കാട് | 466 | 448 |
| **ആകെ** | **38983** | **28469** |

(ബി) മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന എന്തെല്ലാം തരം ആനുകൂല്യങ്ങളാണ് പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 20 പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി ആനുകൂല്യം ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ എല്ലാവർക്കും ലഭ്യമാക്കുന്നതാണ്. ഇതിൽ കടലോര മത്സ്യത്തൊഴിലാളികൾ എന്നോ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ എന്നോ വിവേചനം ഇല്ല. ബോർഡ് മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

(സി) ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുന്നതിനായി 2012-15 വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (ത്രിതല പഞ്ചായത്തുകളുടെ) സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി പദ്ധതി.

മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉപഘടകങ്ങൾ ചുവടെ ചേർക്കുന്നു.

